# ഒരു കുറിയവനായ ചെറിയ പാപി

## (ലൂക്കൊസ് 19:1-10)

ബൈബിളിലെ നിരവധി കഥാപാത്രങ്ങൾ താരതമ്യേന അറിയപ്പെടാത്തവരാണ്. എന്നാൽ കുട്ടികൾക്കുപോലും അറിയാം ഈ ചെറിയ മനുഷ്യനായ സക്കായിയെ. പുതിയ നിയമത്തിൽ ഒരു ചെറിയ രംഗത്തിൽ മാത്രമെ അവൻ പ്രത്യക്ഷപ്പെടുന്നുള്ളുവെങ്കിലും.[1] കുട്ടികളുടെ ബൈബിൾ ക്ലാസുകളിൽ അധികവും ഈ പാട്ടു പാടാറുണ്ട്:[2]

> സക്കായി ഒരു ചെറിയ കുറിയ മനുഷ്യനായിരുന്നു
> അവനൊരു കുറിയവനായിരുന്നു;
> അവനൊരു കാട്ടത്തിമേൽ കയറി,
> അവൻ കർത്താവിനെ കാൺമാനായ്
> രക്ഷകൻ ആ വഴി വന്നപ്പോൾ
> അവൻ മരത്തിന്മേൽ നോക്കി
> "സക്കായിയേ ഇറങ്ങിവാ എന്ന്
> കർത്താവരുൾ ചെയ്തു: ഞാനിന്നു നിന്റെ വീട്ടിൽ
> പാർക്കേണ്ടതാകുന്നു; ഞാനിന്നു നിന്റെ വീട്ടിൽ
> പാർക്കേണ്ടതാകുന്നു!"[3]

നിർഭാഗ്യവശാൽ, ഒരെട്ടുവയസാകുമ്പോഴേക്കു നമ്മിൽ പലരും സക്കായിയെ കുറിച്ചുള്ള പഠനം നിർത്തും. സക്കായിയുടെ സംഭവത്തിൽ മനോഹരവും ശക്തവുമായ പാഠങ്ങൾ ഉണ്ട്. ഉദാഹരണമായി അനേകർ ഈ വാക്യം ഉടനെ തിരിച്ചറിയും: "മനുഷ്യപുത്രൻ വന്നതു, കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനത്രെ." (ലൂക്കൊസ് 19:10). ഈ വേദവാക്യം പറയുവാനുണ്ടായ സാഹചര്യം എന്താണെന്നു നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? അതു സക്കായിയുടെ സംഭവത്തിലുണ്ട്.

ഏതാനും നിമിഷത്തേക്കു, നമുക്കു ലൂക്കൊസ് 19-ലെ ഈ "ചെറിയ മനുഷ്യൻ" - "പാപിയായിരുന്ന ഈ കുറിയ മനുഷ്യനെ"

കുറിച്ചു പഠിക്കാം. നാം അങ്ങനെ ചെയ്യുന്നതുകൊണ്ടു, ഞാൻ വേദഭാഗത്തിൽ നിന്നു കുറച്ചു വലിച്ചു "കുറിയ ചെറിയ പാഠങ്ങൾ" എന്നാക്കട്ടെ.

**ധനത്തെക്കുറിച്ചു ചെറിയ പാഠം**
**(ലൂക്കൊസ് 19:1, 2)**

അദ്ധ്യായം ആരംഭിക്കുന്നതു, "അവൻ യെരീഹോവിൽ എത്തി കടന്നു പോകുമ്പോൾ എന്നു പറഞ്ഞാണ്" (വാക്യം 1). യേശു യെരുശലേമിലേക്കുള്ള യാത്രയിലാണ്. മാസങ്ങളായി, അവൻ യാത്ര ചെയ്തുകൊണ്ടിരുന്നു. ''തന്റെ മുഖം യെരുശലേമിലേക്കു തിരിച്ചിരിക്കുകയായിരുന്നു.'' എന്നാൽ ഇപ്പോൾ വാസ്തവത്തിൽ അവൻ അവിടേക്കു പോകയാണ്. അവൻ യെരുശലേമിന്നു അടുത്തെത്തി. യെരുശലേമിൽ നിന്നു യെരീഹോവിലേക്കു17മൈൽ ദൂരം മാത്രമേയുള്ളൂ.

അതു സംഭവബഹുലമായ യാത്രയായിരുന്നു. അവൻ യെരുശലേമിനു അടുക്കുന്തോറും പുരുഷാരം അവന്നു ചുറ്റും തിക്കിക്കൂടി കൊണ്ടിരുന്നു. ശ്രദ്ധേയമായ ഒരു സംഭവം യെരീഹോവിൽ നടന്നു കഴിഞ്ഞു – കുരുടനായിരുന്ന ബർത്തിമായിയെ സൗഖ്യമാക്കി (ലൂക്കൊസ് 18–ാംഅദ്ധ്യായത്തിൽഅവസാനഭാഗത്തു വിവരിച്ചിരിക്കുന്നു). ഇപ്പോൾ യേശു കുറിയവനായ ഒരു പാപിയെ അവിടെ കണ്ടു.

ചരിത്രകാലയളവു തുടങ്ങുന്നതിനു മുൻപുണ്ടായിരുന്ന പുരാതന നഗരങ്ങളിൽ ഒന്നായിരുന്നു യെരീഹോ.[4] ഇന്നു നിങ്ങൾ ആ പട്ടണം സന്ദർശിക്കണമെന്നുണ്ടെങ്കിൽ, പുരാതനപട്ടണങ്ങൾ ഒന്നിനു മേൽ മറ്റൊന്നായി പണിതിരുന്ന നിരകൾ പരന്നു കാണേണ്ടതായിട്ടുണ്ട്.[5]

യേശു ഈ പട്ടണം സന്ദർശിച്ചപ്പോൾ ജനസംഖ്യ ഏകദേശം 100,000 ആയിരുന്നു. യെരീഹോ മനോഹരമായ ഒരു പട്ടണമായിരുന്നു, അവിടത്തെ പനയും, റോസാ പൂന്തോട്ടവും അറിയപ്പെടുന്നതാണ്.[6] മഹാനായിരുന്ന ഹെരോദാവും അദ്ദേഹത്തിന്റെ മകൻ അർക്കെലയാസും യെരീഹോവിനെ അധികം മനോഹരമാക്കി തീർത്തു. അവർ അവിടെ ഒരു വെള്ളനിറത്തിലുള്ള കൊട്ടാരം പണിതീർത്തു. ഒരു തിയേറ്ററും കുതിരപന്തയത്തിന് വിശാലസ്ഥലവും പണിതിരുന്നു.[7] ചില റോഡരികിൽ വരിവരിയായി ബൈബിളിൽ പറയുന്ന കാട്ടത്തി നട്ടുവളർത്തിയിരുന്നു.[8] ഇതു മൾബെറി – അത്തി വൃക്ഷങ്ങളായിരുന്നു.[9] കാട്ടത്തിയാണ്, പക്ഷെ മൾബറിയുടെ ഇലകളോടു കൂടിയതായിരുന്നു. അവ മുപ്പതുമുതൽ നാല്പതുമീറ്റർ വരെ ഉയരത്തിൽ വളരുന്നു. അവക്കു തടിവണ്ണം കുറവും ശാഖകൾ വ്യാപിച്ചും തറ വരെ മുട്ടി കിടക്കും. ക്ഷീണിതരായ യാത്രക്കാർക്കു സ്വാഗതമരുളുന്നതാണ്

അവിടത്തെ കൃഷിയാണ്. പനകളിൽ അധികവും ഈന്തപ്പനയാണ്, അതിന്റെ പഴം ലോകം മുഴുവൻ വില്ക്കപ്പെടുന്നു. യെരീഹോ അവളുടെ ബാൽസാം തോട്ടങ്ങൾ വായുവിൽ മൈലുകളോളം പരത്തുന്ന സുഗന്ധം സുപ്രസിദ്ധമാണ്. ബാൽസാം എന്ന വാക്കു ലോപിച്ചാണ് ബാം എന്ന വാക്കുണ്ടായതു. ബാൽസാം വൃക്ഷങ്ങളിൽ കണക്കാക്കിയിരിക്കുന്നു.

അതിന്റെ സ്ഥാനവും യെരീഹോവിനെ ധനികമാക്കി തീർത്തു. വിശാലമായ വ്യാപാരശ്രേണിയുടെ മാർഗ്ഗം; ഹൃദയവും കേന്ദ്രവുമെല്ലാം യെരിഹോവായിരുന്നു. സ്ഥിതി ചെയ്തിരുന്നതു യോർദ്ദാൻ താഴ്വരയിലായിരുന്നു. യെരീഹോ, യെരുശലേമിലേക്കു മറികടക്കുന്നതിനും നദി കടന്നു യോർദ്ദാന്റെ കിഴക്കൻ ദേശത്തേക്കു പോകുന്നതിനും സഹായകരമാകുന്നു. വടക്ക് ദമസ്ക്കൊസുമായും, ടൈർ, സിദോൻ, പടിഞ്ഞാറുകൈസര്യ, യോപ്പാ, തെക്കു മിസ്രയീമുമായി വ്യാപാരബന്ധം യെരീഹോവിന്നുണ്ടായിരുന്നു. എല്ലാ സാധനങ്ങളും യെരീഹോവിൽ കൂടെയാണ് നികുതി കൊടുത്തുകൊണ്ടു പോകേണ്ടിയിരുന്നത്. (നിങ്ങളുടെമനസ്സിന്റെപുറകിൽ ഈ ചിന്ത സൂക്ഷിക്കുക.)

ഒരുപക്ഷേ യേശുവിന്റെ പദ്ധതി പെട്ടെന്ന് യെരീഹോവിൽ കൂടെ കടന്നു യെരുശലേമിലേക്കു യാത്ര തുടരാം എന്നായിരിക്കാം. അങ്ങനെയെങ്കിൽ, തന്റെ പദ്ധതിയെ മാറ്റുവാൻ ചിലതു സംഭവിക്കാനിരിക്കുന്നു.

''സക്കായി എന്നു പേരുള്ളോരു പുരുഷൻ'' (വാക്യം 2) "സക്കായി" എന്ന എബ്രായ വാക്കിന്റെ അർത്ഥം "വിശുദ്ധനായ" അല്ലെങ്കിൽ ''നീതിമാനായ'' എന്നാണ്. പേർ സൂചിപ്പിക്കുന്നതു ഒരമ്മക്കു തന്റെ ആൺമകനോടുള്ള പ്രത്യാശയാണ്. എന്നിരുന്നാലും യെരീഹോ പട്ടണത്തിലുള്ള പൗരന്മാർ സക്കായിയെ വിശുദ്ധനായോ നീതിമാനായോ കണ്ടില്ല. അതിന്റെ കാരണം നമ്മുടെ വേദഭാഗത്തിലുണ്ട്. ''അവൻ ചുങ്കക്കാരിൽ പ്രമാണിയായിരുന്നു''[10] (വാക്യം 2). അന്നത്തെ ചുങ്കം പിരിക്കുന്നവൻ ഇന്നുള്ളവരേക്കാൾ പ്രചാരത്തിലുള്ളവരായിരുന്നില്ല. ''എന്റെമകൻപഠിച്ചു വലുതാകുമ്പോൾ ഒരു ചുങ്കം പിരിക്കുന്നവനാകണം" എന്നു പറയുന്ന ഒരപ്പനേയും എനിക്കറിയില്ല. "ഞാൻ വലുതാകുമ്പോൾ ഒരു ചുങ്കം പിരിക്കുന്ന വനാകണം എന്നു പറയുന്ന ഒരു കുട്ടിയേയും എനിക്കറിയില്ല!"

ആഭ്യന്തര റവന്യു വിഭാഗത്തിൽ അനേക വർഷം സേവനം അനുഷ്ഠിച്ച ഒരു സ്നേഹിതൻ എനിക്കുണ്ട്. ചിലപ്പോഴെല്ലാം, അയാളുടെ ജോലിയുടെ വിശദീകരണം പങ്കിടാറുണ്ടായിരുന്നു. കുറച്ചു നാൾ മറ്റുള്ളവർ അറിയാതെ അയാൾക്കു ഐ ആർ എസ്. സേവനംഒറ്റി

ക്കൊടുക്കുന്നതുകൊണ്ട് വെറുക്കുകയും ഐ.ആർ.എസിൽ നിന്ന് പിരിയുകയും ചെയ്തു.

എങ്കിലും ഇന്ന് നികുതി പിരിക്കുന്നത്, ക്രിസ്തുവിന്റെ കാലത്തിൽ നിന്നും മാന്യമാണ്.റോമാ ഗവൺമെന്റിനു വേണ്ടി യഹൂദൻമാരാണ് ചുങ്കം പിരിച്ചിരുന്നത്. അവരുടെ ആളുകളിൽ നിന്നാണ് രാജ്യസഹായത്തിനും അവർ കീഴ്പ്പെടുത്തിയ ജനത്തിനും വേണ്ടത് പിരിച്ചത്. ചുങ്കം പിരിക്കുവാൻ ഗവൺമെന്റിന്റെ ഇളവ് ലഭിക്കേണ്ടതുണ്ട് (അതിനു കൈക്കൂലിയും ഉൾപ്പെടും) പിന്നെ റോമാക്കാർ എത്ര പിരിക്കേണ്ടതുണ്ടെന്ന് അവർക്ക് നിർദ്ദേശം കൊടുക്കും ചിലപ്പോൾ ഇത് മുൻകൂറായി കൊടുക്കേണ്ടതായും വരും പിരിക്കുന്നവർ അനേകർ അവർക്ക് തോന്നുന്നത്ര പിരിച്ചെടുക്കും.[11] അത് അത്യാഗ്രഹം, സത്യസന്ധതയില്ലായ്മ, അഴിമതി എന്നിവയ്ക്കുള്ള വ്യവസ്ഥയായിരുന്നു

തൽഫലമായി മറ്റു യഹൂദൻമാർ നികുതിപിരിവുകാരെ മോശക്കാരായും അഴിമതിക്കാരായും ആയിട്ടാണ്, അല്ലാതെ പിതാവിന്റെ സന്തതികളായിട്ടല്ല ഒരു നികുതി പിരിവുകാരെന്ന് വോട്ട് ചെയ്യാവുന്നവരല്ല, കോടതിയിൽ സാക്ഷി പറയാനും അനുവദിച്ചിരുന്നില്ല. അവനെ പള്ളിയിൽ പോകാനും അനുവദിച്ചിരുന്നില്ല. താൽമൂദ്[12] പറയുന്നത്, ഒരു യഹൂദന് നികുതി പിരിക്കുന്നവരോടും, കള്ളനോടും, കവർച്ചക്കാരനോയും മാത്രമേ നുണ പറയാവൂ. തിരുവെഴുത്തുകളിൽ നികുതി പിരിവുകാരെ ഇഷ്ടപ്പെടാത്തവരായി പറഞ്ഞിരിക്കുന്നത്: "ചുങ്കക്കാരും, പാപികളും" (മത്തായി 9:10[13]) "ചുങ്കക്കാരും, ജാതികളും" (മത്തായി 18:17), "ചുങ്കക്കാരും, വ്യഭിചാരിണികളും" (മത്തായി 21:31, 32), "പിടിച്ചുപറിക്കാർ, നീതികെട്ടവർ, ഈചുങ്കക്കാരൻ" (ലൂക്കോസ് 18:11).

സക്കായി വെറും ഒരു ചുങ്കം പിരിവുകാരനായിരുന്നില്ല; അവൻ "ചുങ്കം പിരിക്കുന്നവരുടെ പ്രമാണിയായിരുന്നു" ഈ പദപ്രയോഗം ബാർക്കലെ തർജ്ജിമ ചെയ്തത് ''കമ്മീഷണർഓഫ്ടാക്സസ്'' പാലസ്തീനിൽ മൂന്നു സ്ഥലങ്ങളിലായാണ് ചുങ്കം പിരിച്ചിരിക്കുന്നത്: കൈസര്യ, കഫർന്നഹൂം, യെരീഹോ ആ രാജ്യത്തിലെ ചുരുങ്ങിയ മൂന്നിലൊന്നു ഭാഗത്തെ ചുങ്കം പിരിക്കുവാനുള്ള ഉടമ്പടി സക്കായി നേടിയിരിക്കാം. അങ്ങനെയാണെങ്കിൽപാലസ്തീനിലെ – ആ ഭാഗങ്ങളിലെല്ലാം അവന്റെ കീഴിൽ ചുങ്കം പിരിക്കുന്നവർ വളരെ പേർ ഉണ്ടായിരുന്നിരിക്കും അവരിൽ നിന്നെല്ലാം അവർ പിരിക്കുന്നതിന്റെ ഒരു ശതമാനം സക്കായിക്കു കിട്ടിയിരുന്നിരിക്കണം. ആ ഭാഗത്തുള്ള യെഹൂദന്മാർക്കു അവൻ ഗുണ്ടാതലവനായും യെഹൂദന്മാരുടെ തലതൊട്ടപ്പനായും അറിയപ്പെട്ടിരിക്കണം.[14]

വിശാലമായി വ്യാപിച്ചു കിടക്കുന്ന സക്കായിയുടെ വ്യവസായത്തെ പരിഗണിച്ചാൽ അടുത്ത വാക്കുകൾ വായിക്കുമ്പോൾ അതിശയിക്കുകയില്ല. "അവൻ ധനവാനുമായിരുന്നു" (വാക്യം 2).[15]

വ്യവസായ ശൃംഖലയുടെ മാർഗ്ഗത്തിന്റെ മുഖ്യസ്ഥാനമാണ് യെരീ ഹോ എന്നു നാം മുമ്പു കാണുകയുണ്ടായി. ചുങ്കക്കാരുടെ ലാഭകരമായ സ്ഥാനമായിരുന്നു അത്. സക്കായി തന്റെ നേട്ടം മുഴുവനും എടുത്തു.

സക്കായിയുടെ സ്വത്തു അവനെ സന്തുഷ്ടനാക്കിയോ? ധനവാനായിരുന്നെങ്കിലും സക്കായി സന്തോഷവാനായിരുന്നില്ല എന്നു പറഞ്ഞാൽ ഞാൻ ഈ വേദഭാഗം കൂടുതൽ വായിക്കുന്നു എന്നു വരുത്തിത്തീർക്കുമെന്ന് ഞാൻ കരുതുന്നില്ല. യെരീഹോവിൽ അവൻ ഏറ്റവും വെറുക്കപ്പെട്ടവൻ ആയിരുന്നു. യേശു അവനോടൊപ്പം വീട്ടിലേക്ക് പോയപ്പോൾ, വേദഭാഗം പറയുന്നു, "കണ്ടവരെല്ലാം, അവൻ പാപിയായൊരു മനുഷ്യനോടു കൂടെ പാർപ്പാൻ പോയി എന്നു പറഞ്ഞു പിറുപിറുത്തു" (വാക്യം 7). ടൗണിൽ നിങ്ങൾ ഏറ്റവും നിന്ദിക്കപ്പെടുന്ന ആളാണെങ്കിൽ – തികച്ചും പുറംജാതിക്കാരൻ ആണെങ്കിൽ നിങ്ങൾ എങ്ങനെ അതിഷ്ടപ്പെടും? അതു നിങ്ങളുടെ ഭാര്യയ്ക്കും മക്കൾക്കും എന്തായിരിക്കും ചെയ്യുക!

നിന്ദിക്കപ്പെടുക എന്നു പറഞ്ഞാൽ എന്താണെന്നെനിക്കു കൃത്യമായി അറിഞ്ഞുകൂടാ, അതു പുറമേ തമാശയായിരിക്കില്ല എന്നെനിക്കറിയാം. സക്കായിയുടെ പ്രചാരക്കുറവിനെ കുറിച്ചു ഞാൻ ചിന്തിച്ചപ്പോൾ എന്റെ ബാല്യകാലത്തെ ഒരു സംഭവം എനിക്കോർമ്മ വരുന്നു. ഞങ്ങൾ പലരും ചേർന്നു ബേസ്ബോൾ കളിക്കാൻ തുടങ്ങി. ഞാൻ ഒരിക്കലുംനന്നായി ബേസ്ബോൾ കളിക്കുമായിരുന്നില്ല (ഒരു കോച്ചു പറഞ്ഞതു എനിക്കു എന്റെ കണ്ണും കയ്യും യോജിപ്പിക്കുന്നതിൽ, മോശമാണെന്നാണ്), എങ്കിലും ഞാൻ മറ്റു കുട്ടികളോടൊപ്പം കളിപ്പാൻ ആഗ്രഹിച്ചു. കളി ആരംഭിക്കുന്നതു "കുട്ടികളെ ഓരോ വശത്തേയ്ക്കും തിരഞ്ഞെടുത്തുകൊണ്ടാണ്". അവസാനം ഒരു കുട്ടി ശേഷിക്കും. അതു ഞാനായിരിക്കും. ഇപ്പോൾ വലിയകുട്ടിയുടെ ഊഴമാണ്. അവൻ എന്റെ അരികിൽ വന്നു പറഞ്ഞു "ശരി, ഞാൻ റോപ്പറിനെ തെരഞ്ഞെടുക്കാം."[15]

യെരീഹോവിൽ ഇങ്ങനെ ഒരു തെരഞ്ഞെടുപ്പുണ്ടായാൽ, *ആരും* സക്കായിയെ തിരഞ്ഞെടുക്കാൻ ഉണ്ടാവുകയില്ല. ആരുടേയും ടീമിൽ അവനെകളിക്കാൻഅനുവദിക്കയുമില്ല. അവൻ വെറുക്കപ്പെടുന്നവനും നിന്ദിതനും ആയിരുന്നു. അവൻ വളരെ കുഴപ്പത്തിൽ തന്നെ ആയിരുന്നിരിക്കും.

ബോധമനസ്സോടെയോ അല്ലെങ്കിൽ അബോധമനസ്സോടെയോ സക്കായി യേശുവിനെ അന്വേഷിക്കുകയായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. തന്റെ ജീവിതത്തിനു ചുറ്റും മാറ്റം വരുത്താൻ യേശുവിന്റെ സഹായം പ്രതീക്ഷിച്ചതുകൊണ്ടാണ് സക്കായി യേശുവിനെ അന്വേഷിച്ചത്. യേശു ചുങ്കക്കാരുടേയും പാപികളുടേയും സ്നേഹിതനാണെന്നു ഒരുപക്ഷേ അവൻ കേട്ടിരിക്കാം (മത്തായി

11:19). ഒരുപക്ഷേ ചുങ്കക്കാരനായിരുന്ന മത്തായിയെ യേശു വിളിച്ചു ശിഷ്യന്മാരിൽ ഒരാളാക്കിയത് അവൻ കേട്ടിരിക്കാം (ലൂക്കോസ് 5:27). ഒരുപക്ഷേ മത്തായി സക്കായിയുടെ സ്നേഹിതൻ ആയിരിക്കാനും സാദ്ധ്യതയുണ്ട്. സക്കായി യേശുവിനെ അന്വേഷിച്ചതിന്റെ ശരിയായ ഉദ്ദേശം എന്താണെന്ന് എനിക്കറിഞ്ഞു കൂടാ. എന്നാൽ അവൻ യേശുവിന്റെ സഹായം ആഗ്രഹിച്ചു എന്നു ഞാൻ വിശ്വസിക്കുന്നു.

ധനത്തെക്കുറിച്ചുള്ള ഒരു ചെറിയ പാഠം കേൾക്കുക: പണത്തിനും വസ്തുക്കൾക്കും സന്തോഷം വാങ്ങുവാൻ കഴിയുകയില്ല. അവകാശങ്ങൾപെട്ടെന്നുപൊയ്പോകും[17]വസ്തുക്കൾ നമ്മെ ആശ്വസിപ്പിക്കയില്ല. സന്തോഷം ഉണ്ടാക്കുവാൻ നമുക്കു മറ്റുള്ളവരുമായി നല്ല ബന്ധം ഉണ്ടാകണം. പ്രത്യേകിച്ചു നമ്മുടെ ദൈവവു മായി നമുക്കു ശരിയായ ബന്ധം ഉണ്ടാകണം.

**കർത്താവിനെ അന്വേഷിക്കുന്നതിനെ കുറിച്ചുള്ള ചെറിയ പാഠം (ലൂക്കോസ് 19:3, 4)**

''യേശു എങ്ങനെയുള്ളവൻ എന്നു കാണ്മാൻ ശ്രമിച്ചു'' (വാക്യം 3). അക്ഷരികമായി, ആ വേദഭാഗം വായിക്കുന്നതു: "യേശു എങ്ങനെ യുള്ളവൻ എന്നു കാണുവാൻ അവൻ *അന്വേഷിച്ചു*'' എന്നാണ്. പുതിയ നിയമത്തിൽ എവിടെയെല്ലാം "അന്വേഷണം" എന്ന വാക്കുപയോഗി ച്ചിരിക്കുന്നുവോ അവിടെയെല്ലാം "ഉത്സാഹത്തോടു കൂടിയുള്ള പരിശ്രമമാണ്അർത്ഥമാക്കുന്നതു,[18] ഒരിക്കലും പകുതി മനസ്സോടു കൂടിയുള്ള ശ്രമമല്ല.'' യേശു യെരീഹോ വഴി കടന്നുപോകുന്നു എന്നു സക്കായി കേട്ടപ്പോൾ, അവൻ യേശുവിനെ കാണുവാൻ *തീരുമാനിച്ചു*.

എങ്ങനെയായാലും, അവൻ ശ്രമിച്ചപ്പോൾ, "പുരുഷാരം നിമിത്തം കഴിഞ്ഞില്ല" (വാക്യം 3). പെരുനാളിനു യെരുശലേമിൽ പോകുന്ന തീർത്ഥാടകരിൽ പലരും യേശുവിനു ചുറ്റും കൂടി നടക്കുകയായിരുന്നു. പുറമേ വാർത്ത എല്ലായിടത്തുമെത്തി; മൂന്നു നാലു വരികളായി യെരീഹോ വീഥികൾ ആളുകളെക്കൊണ്ടു നിറഞ്ഞിരിക്കാം.

സക്കായിയുടെ പ്രശ്നം വാകൃത്തിന്റെ അവസാന ഭാഗത്തു പറഞ്ഞിരിക്കുന്നു: "അവൻ വളർച്ചയിൽ *കുറിയവൻ* ആകകൊണ്ട് കഴിഞ്ഞില്ല ..." (വാക്യം 3) നമുക്കു വ്യക്തമായി തന്നെ പറയാം അവൻ കുള്ളനായിരുന്നു. അവൻ പുരുഷാരത്തെ തള്ളിമാറ്റി തനിക്കു എവിടെ നിന്നാലാണ് യേശുവിനെ കാണാൻ സാധിക്കുകഎന്നുള്ള അവന്റെ ശ്രമത്തെ എനിക്കു കാണാൻ കഴിയുന്നുണ്ട്. ആളുകൾ അവനെ തിരിച്ചറിഞ്ഞപ്പോൾ വെറുക്കപ്പെട്ടവനായതു കൊണ്ട് പുറകോട്ടു മാറ്റിക്കാണും. അവർ അവനെ ഉന്തി തള്ളി മാറ്റി, കൈ മുട്ടുകൾ കൊണ്ടു

തള്ളിമാറ്റി തന്റെ പാദത്തിൽ അവൻ നിന്നു. അവൻ പുറകിൽ നിന്നു കൊണ്ടു മുകളിലേയ്ക്കും താഴേയ്ക്കും ചാടുന്നതായി ഞാൻ സങ്കല്പ്പിക്കുന്നു.[19] പുരുഷാരത്തിനു മുകളിലൂടെ കാണുവാൻ ശ്രമിച്ചു പരാജയപ്പെട്ടുകാണും. പെട്ടെന്ന് യേശു കടന്നു പോയി. സക്കായിക്കു അവൻ കുറിയവനായതു കൊണ്ടു, യേശുവിനെ അല്പം പോലും കാണുവാൻ കഴിഞ്ഞിരിക്കയില്ല.

വളർച്ചയിൽ "പൊക്കം കുറഞ്ഞ" വരെകുറിച്ചു അല്പം നിന്നു പറഞ്ഞു കൊള്ളട്ടെ. സക്കായിയുടെ പൊക്കമില്ലായ്മയെ കുറിച്ചു ആരെങ്കിലും യെരീഹോവിൽ വെറുപ്പും തമാശയും കലർന്ന വൃത്തികെട്ട പാട്ടുകൾ മെനഞ്ഞുണ്ടാക്കിക്കാണും എന്നു ഞാൻ ഊഹിക്കുന്നു. നാം സക്കായിയെ കുറിച്ചു പാടുന്ന "വീ ലിറ്റിൽ" എന്നു തുടങ്ങുന്ന വരികൾ ബഹുമാനമില്ലാത്തതല്ല. എന്നാൽ യെരീഹോവിലെ കുട്ടികൾ സക്കായിയെ കാണുമ്പോൾ അവന്റെ പൊക്കമില്ലായ്മയെ പരിഹാസം നിറഞ്ഞപാട്ടുകൾ പാടിയിരിക്കും. ആളുകളുടെ പൊക്കത്തെ പറ്റി തമാശ പറയുവാൻ മറ്റു ചിലരെപ്പോലെ ഞാൻ മോശമാണ്.[20] എനിക്കറിയാവുന്ന "പൊക്കം കുറഞ്ഞ" ആളുകൾ അധികവുംവളരെ പ്രത്യേകതയുള്ളവരാണ്.[21] പലരും ഉദ്ദേശലക്ഷ്യം ഉള്ളവരും അതു നേടുന്നവരുമാണ്. ചരിത്രപരമായി, നാം നെപ്പോളിയനെയാണ് ഇത്തരുണത്തിൽ ഓർക്കുന്നത്. ഞാൻ ഒരു കുട്ടിയായിരുന്നപ്പോൾ "പൊക്കം കുറഞ്ഞ" ഒരു മനുഷ്യനായിരുന്ന ആഡിമർഫി എന്നയാളായിരുന്നു യുദ്ധത്തിലെ നായകൻ. പിന്നീട് അയാൾ ഒരു സിനിമനടനായി തീർന്നു. മുൻപുണ്ടായിരുന്നതും ഇപ്പോൾ ഉള്ളതുമായ ഇത്തരം സിനിമാ നടന്മാരുടെ പേരെടുത്തു പറയുവാൻ കഴിയും. മറ്റൊരു "പൊക്കം കുറഞ്ഞ",[22] കാർഷിക അദ്ധ്യാപകനെ ഓർമ്മ വരുന്നു: അദ്ദേഹത്തിന്റെ പേർ ആർച്ചി ഗ്യാരിസൺ എന്നായിരുന്നു.[23] തന്റെ ക്ലാസ്സിലെ അമിതവളർച്ചയുള്ള കുട്ടികളെ അച്ചടക്കത്തിൽആക്കാൻ അദ്ദേഹത്തിനു വിഷമമുണ്ടായിരുന്നില്ല. അവൻ അവരുടെ കണ്ണുകളിൽ നോക്കി പറയും, "ഞാൻ പൊക്കം കുറഞ്ഞവനായിരിക്കാം, പക്ഷെ ഞാൻ വരിഞ്ഞു മുറുക്കിയ കർക്കശക്കാരനാണ്!"

ഞാൻ വിചാരിക്കുന്നതു സക്കായിയും "വരിഞ്ഞു മുറുക്കിയ കർക്കശ്ശക്കാരൻ" ആയിരുന്നിരിക്കാമെന്നാണ്. അവൻ അത്ര പെട്ടെന്നു ഒന്നും വിട്ടുകളയുന്നവനല്ല. അവൻ യേശുവിനെ കാണുവാൻ തീരുമാനിച്ചു ... എന്നാൽ എങ്ങനെ? ഒരുപക്ഷേ അവൻ നോക്കിയപ്പോൾ റോഡരികിലുള്ള വൃക്ഷങ്ങളുടെ ശിഖരങ്ങളിൽ കുട്ടികൾ കയറിയിരുന്നു യേശുവിന്റെ പ്രസംഗവും നടന്നു പോകുന്ന ജനത്തെയും – വീക്ഷിക്കുന്നതു കണ്ടിരിക്കാം.അവൻ അവരെ നോക്കി അവന്റെ മുഖത്തു പുഞ്ചിരി പടർന്നു.

“എന്നാറെ അവൻ മുമ്പോട്ട് ഓടി” (വാക്യം 4). വളർച്ചയെത്തിയവർ പ്രത്യേകിച്ചു പ്രമാണിമാർ അക്കാലത്തു ഓടാറില്ല. അവർ മന്ദ മായി, മാനമായിട്ടാണ് നടന്നിരുന്നത്. എന്നാൽ സക്കായിയെ സംബന്ധിച്ച് തന്റെ മാന്യതയേക്കാൾ യേശുവിനെ കാണുക എന്നതായിരുന്നു അവനു മുഖ്യം. തന്റെ വസ്ത്രം മുറുക്കി പൊക്കിപിടിച്ച് കുറിയ കാലുകളെ നീട്ടി ഓടി. ജനക്കൂട്ടത്തിനരികിലൂടെ അവൻ പാഞ്ഞ്, പതുക്കെ നീങ്ങുന്ന ജനക്കൂട്ടത്തിന്റെ മുന്നിലെത്തുന്നതുവരെ ഓടി.

സക്കായി, “അവനെ കാണേണ്ടതിനു ഒരു കാട്ടത്തിമേൽ കയറി. യേശു ആ വഴിയായി വരികയായിരുന്നു” (വാക്യം 4). സക്കായി തന്റെ കാൽ ആ വൃക്ഷത്തിന്റെ ഒരുകൊമ്പ് ചക്രവാളത്തിനു സമാന്തരമായി താഴ്ന്നു കിടന്നതിൽ പൊക്കി വെച്ചു കഠിന ശ്രമമെടുത്തു കയറിപറ്റി. ഈ ചുങ്കക്കാരൻ തന്റെ താല്പര്യത്തിൽ ഒരു കുട്ടിയെ പോലെയാണ്. ഈ ദിവസങ്ങളിൽ (ഞാൻ *അധികം* ഓടാറില്ല – ഞാൻ ഒരു മരത്തിൽ![24] കയറിയിട്ട് വളരെ നാളുകളായി!) സക്കായി യേശുവിനെ കാണുമെന്ന നിശ്ചയത്തിലായിരുന്നു – തന്റെ വഴിയിൽ തടസ്സമാകുവാൻ *ഒന്നിനേയും* അവൻ അനുവദിച്ചില്ല. ജനക്കൂട്ടമോ, അവന്റെ ഉയരക്കുറവോ, തന്റെ അഹങ്കാരമോ ഒന്നും!

യേശുവിനെ അന്വേഷിക്കുന്നതിനെ കുറിച്ചുള്ള നമ്മുടെ ചെറിയ പാഠത്തിൽ മോശെ ഇങ്ങനെ പറയുന്നു: “എങ്കിലും ... അവിടെ വച്ച് നിന്റെ ദൈവമായ യഹോവയെ നീ തിരയും *പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും* കൂടെ അന്വേഷിക്കുകയുംചെയ്താൽ അവനെ കണ്ടെത്തും” (ആവർത്തനം 4:29; എംഫസിസ്മൈൻ). വർഷങ്ങൾക്കു മുൻപ് ഒരു അദ്ധ്യാപകനും വിദ്യാർത്ഥിയും റോഡിൽ കൂടെ ഒരുമിച്ചു നടന്നു പോയി. ശിഷ്യൻ ഗുരുവിനോടു; യേശുവിനെ എങ്ങനെ കണ്ടെത്താം എന്നു ചോദിച്ചു. ഗുരു ശിഷ്യനെ പിടിച്ചു കൊണ്ടുപോയി ഒരു വെള്ളം നിറച്ച തൊട്ടിയിൽ തല മുക്കിപ്പിടിച്ചു. ഗുരു കുറച്ചു കഴിഞ്ഞു കൈ എടുത്തപ്പോൾ ശിഷ്യൻ എഴുന്നേറ്റു നിന്നു. വെള്ളം അവന്റെ മൂക്കിൽ നിന്നും മുഖത്തു നിന്നും ഒഴുകികൊണ്ടിരുന്നു. ശ്വാസത്തിനായി വെമ്പൽ കൊണ്ടു. ഗുരു പറഞ്ഞു, “ഇപ്പോൾ നീ ശ്വാസത്തിനായി ആഗ്രഹിച്ചതു പോലെ, ആവേശത്തോടെ അന്വേഷിച്ചാൽ നീ യേശുവിനെ കണ്ടെത്തും” കർത്താവിനെ കാണാൻ എന്തും ചെയ്യുവാൻ സക്കായിക്കു മനസ്സുണ്ടായിരുന്നു. സത്യം കണ്ടെത്താൻ അത്തരം ദൃഢനിശ്ചയം ആവശ്യമാണ് (യോഹന്നാൻ 8:32)!

### മനസ്സലിവിനെ കുറിച്ചു ചെറിയ ഒരു പാഠം
### (ലൂക്കോസ് 19:5-7)

“അവൻ ആ സ്ഥലത്തെത്തിയപ്പോൾ മേലോട്ടു നോക്കി” (വാക്യം 5) കെ.ജെ.വി തർജ്ജിമ പറയുന്നതു, “അവൻ മേലോട്ടു നോക്കി

അവനെ കണ്ടു" എന്നാണ്. സക്കായി മരത്തിന്റെ മുകളിൽ കയറി മറഞ്ഞിരുന്നതു മറ്റാരും കാണുന്നില്ല എന്നു വിചാരിക്കാം. പക്ഷേ യേശു അവനെ കണ്ടു. ഈ സംഭവം അവസാനിപ്പിക്കുന്ന വാക്യം ഓർമ്മിക്കുക (വാക്യം 10). സക്കായി മാത്രമല്ല അന്വേഷിച്ചുകൊണ്ടിരുന്നതു, യേശുവും അന്വേഷിക്കുകയായിരുന്നു.യേശു നഷ്ടപ്പെട്ടതിനെയാണ് അന്വേഷിച്ചിരുന്നതു.

"സക്കായിയേ വേഗം ഇറങ്ങിവാ" (വാക്യം 5). യേശു അവന്റെ പേർ വിളിച്ചപ്പോൾ സക്കായിക്ക് എന്തു ആശ്ചര്യമുണ്ടായി കാണും. അവനെ സംബന്ധിച്ച എല്ലാം യേശു അറിഞ്ഞിരുന്നു; അവന്റെ പേർ![25] അവന്റെ ആവശ്യങ്ങൾ, അവന്റെ ഹൃദയ വേദന ... അവന്റെ ശക്തിയും കൂടെ.

"സക്കായിയേ വേഗം ഇറങ്ങിവാ, ഞാൻ ഇന്നു നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു" (വാക്യം 5). ഇതു അത്ഭുതാവഹമല്ലേ? യേശു തന്നെത്താൻ സക്കായിയുടെ വീട്ടിൽ ഭക്ഷിപ്പാൻ ക്ഷണിതാവാകുകയാണ്. മുൻപൊരിക്കലും കണ്ടിട്ടില്ലാത്ത നാം ആദ്യമായി കണ്ടു മുട്ടുമ്പോൾ, "ഞാൻ നിങ്ങളോടൊപ്പം വീട്ടിലേയ്ക്കു വരികയാണെന്നു" പറഞ്ഞാൽ നിങ്ങൾ എന്തു വിചാരിക്കും? നിങ്ങൾ വൈകുന്നേരം എന്തു ഭക്ഷണം ഒരുക്കും?[26] എങ്ങനെയായാലും യേശു സക്കായിയുടെ വീട്ടിൽ പോകുവാൻ, സക്കായിയല്ലേ ക്ഷണിക്കേണ്ടിയിരു ന്നതു - സക്കായി യേശുവിനെ ക്ഷണിച്ചുമില്ല റബ്ബിമാർ, പരീശ ന്മാർ, ശാസ്ത്രിമാർ എന്നിവർ ചുങ്കക്കാരുടെ വീട്ടിൽ പോകുമാ യിരുന്നില്ല. (സക്കായി വലിയൊരു വിരുന്നൊരുക്കി നൂറുകണക്കിനു ക്ഷണ പത്രങ്ങൾ അയച്ചാലും ഒരു വിരുന്നുകാരൻ പോലും വരികയില്ല. ഇല്ല സക്കായി യേശുവിനെ - ക്ഷണിക്കുമായിരുന്നില്ലആകയാൽ സ്വയം ക്ഷണിതാവായി).

"പാർക്കേണ്ടത്" എന്ന ഉറപ്പായ വാക്കു ശ്രദ്ധിക്കുക. ഞാൻ ഇന്നു നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു: "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനത്രെ" യേശു വന്നതു. ആ നഷ്ടപ്പെട്ടവരിൽ ഒരാളായിരുന്നുഅവൻ. ഈ വളർച്ചയിൽ കുറിയവനെ യേശു നോക്കിയപ്പോൾ അവൻ ആ സമയത്തു അവിടെ ആകാൻ കാരണം അവൻ തിരിച്ചറിഞ്ഞു. ഫലത്തിൽ യേശു സക്കായിയോടു പറഞ്ഞു, "നിന്റെ വീട്ടിലേയ്ക്കു*രക്ഷ* വരണമെന്നുണ്ടെങ്കിൽ ഞാൻ നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു."

സക്കായിക്കു വേണമെങ്കിൽ, യേശുവിന്റെ ക്ഷണം നിരസിക്കാമായിരുന്നു. യേശു ആരെയും നിർബ്ബന്ധിച്ചിരുന്നില്ല. ആ സംഭവം വെളിപാട് 3:20-ൽ ചിത്രീകരിച്ചിട്ടുണ്ട്. യേശു ലവൊദിക്യയിലെ ക്രിസ്ത്യാനികളോടു പറഞ്ഞു: "ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ

അടുക്കൽ ചെന്നു അവനോടും, അവൻ എന്നോടും കൂടെ അത്താഴം കഴിക്കും" സക്കായിയുടെവീട്ടിലേക്കുപ്രവേശിക്കുവാനുള്ള അനുവാദം യേശു അവനോടു ചോദിക്കയായിരുന്നു. അങ്ങനെ അവനുമായി ചേർന്നുഭക്ഷണംകഴിക്കയും ചെയ്യാം. എന്നാൽ ''വാതിൽ തുറന്നു" കൊടുക്കണോവേണ്ടയോ എന്നു തീരുമാനിക്കേണ്ടതു സക്കായി യാണ് – യേശുവിനു പ്രവേശിക്കാൻ (യേശുനമ്മുടേയും ഹൃദയ വാതിലുകളിൽ പ്രവേശനത്തിനായി നിൽക്കുന്നു, നാം അവനു തുറന്നു കൊടുക്കണോ വേണ്ടയോ എന്നതുനാമാണ് തീരുമാനിക്കേണ്ടത്).

സക്കായിയുടെ പ്രതികരണം എന്തായിരുന്നു? "അവൻ ബദ്ധപ്പെട്ടു ഇറങ്ങി" (വാക്യം 6) അവൻ മരത്തിൽ നിന്നു ഊർന്നിറങ്ങി, ഇപ്പോഴും അവന്റെ അന്തസ്സിനെ കുറിച്ചൊന്നും ചിന്തിച്ചില്ല. ''അവനെ സന്തോഷത്തോടെ കൈക്കൊണ്ടു" (വാക്യം 6). ഒരു പക്ഷേ സക്കായി സന്തോഷിച്ചിട്ട് വളരെ കാലമായിരുന്നിരിക്കാം. ഇപ്പോൾ അവന്റെ മുഖ ത്തു വലിയ ചിരി തന്നെ പ്രത്യക്ഷപ്പെട്ടിരിക്കാം.[27] യേശു അവന്റെ ജീവിതത്തിലേയ്ക്കു വന്നതു കൊണ്ടു സന്തോഷം അവന്റെ ജീവിതത്തിലുണ്ടായി.

വാൾട്ട് ഡിസ്നിയുടെ പ്രവർത്തികൾ അറിയാവുന്ന കുട്ടികൾ സ്ക്രൂജ് മെക്ഡക്കിനെ കുറിച്ചും പരിചയപ്പെട്ടിരിക്കും. ''ഈ മെക്ഡക്ക് ലോകത്തിൽ വച്ച് ഏറ്റവും ധനമുള്ളതാണ്." പണം നിറച്ച ഒരു നീന്തൽകുളം സ്വന്തമായുള്ളതിനാൽ സ്ക്രൂജ് മെക്ഡക്ക് സന്തോഷത്തിലാണ്. സ്ക്രൂജ് പണം നിറഞ്ഞ ഈ നീന്തൽ കുളത്തിൽ ചാടി നീന്തുന്നതിൽ സന്തോഷം കണ്ടെത്തി. മെക്ഡക് ഒരു ചിത്ര കഥാപാത്രം മാത്രമാണ്. പക്ഷെ ആ കഥാപാത്രം പ്രതിനിധാനം ചെയ്യുന്നത് ആയിരം മടങ്ങ് ആളുകളെയാണ്. അവർ ചിന്തിക്കുന്നത് സന്തോഷം ലഭിക്കുവാനുള്ള വഴി അങ്ങനെയാണെന്നാണ്. സക്കായി എങ്ങനെയായാലും സന്തോഷം കണ്ടെത്തുന്നതു സമ്പത്ത് വർദ്ധിപ്പിച്ചു വരുന്ന ആ ഭാഗങ്ങളിലായിരുന്നില്ല. പകരം, അവനു സന്തോഷം വന്നതു യേശു അവനോടു കരുതലും മനസ്സലിവും കാണിച്ചപ്പോഴാണ്.

യേശുവും സക്കായിയും നടന്നുപോയപ്പോൾ ജനക്കൂട്ടത്തിന്റെ പ്രതികരണം 7-ാംവാക്യത്തിൽ പറയുന്നുണ്ട്.[28] കണ്ടവരെല്ലാം "അവൻ പാപിയായൊരു മനുഷ്യനോടു കൂടെ പാർക്കുവാൻ പോയി എന്നു പറഞ്ഞു പിറുപിറുത്തു." ''എല്ലാം" എന്ന് അവിടെ പറഞ്ഞവരിൽ യേശുവിനോടുകൂടെ നടന്നവരും ഉൾപ്പെടുന്നു. യെരീഹോവിൽ താമസിച്ചിരുന്നവർ പിറുപിറുത്തു. എല്ലാവരും സന്തോഷം ഇല്ലാത്തവരായി. നഷ്ടപ്പെട്ടവരെ കണ്ടെത്തി സഹായിക്കുന്നതാണ് തന്റെ ഉദ്ദേശ്യം എന്ന് യേശു പലപ്പോഴും പറഞ്ഞിട്ടുണ്ട് (ലൂക്കോസ് 15). മുൻപ് അവൻ പാപികളോടും ചുങ്കക്കാരോടും ഭക്ഷിക്കുന്നു എന്നു അവനെ വിമർശിച്ചപ്പോൾ അവൻ പറഞ്ഞു, ''ദീനക്കാർക്കല്ലാതെ

സൗഖ്യമുള്ളവർക്കു വൈദ്യനെക്കൊണ്ടു ആവശ്യമില്ലല്ലോ" (മത്തായി 9:12). എങ്ങനെയായാലും തന്റെ കേൾവിക്കാർക്കു അതു കഠിനമായ പാഠമായിരുന്നു.[29]

മനസ്സലിവിനെകുറിച്ചുള്ള ചെറിയ പാഠം ഞാനും നിങ്ങളും പഠിക്കണം. യേശു എല്ലാവരേയും സ്നേഹിക്കുന്നു. ഒരു മനുഷ്യ ജീവിതത്തിൽ എന്തെല്ലാം സംഭവിച്ചാലും, അയാൾ എത്ര വലിയ പാപിയായിരുന്നാലും,അവൻ എത്ര മോശമെന്നു അറിയപ്പെട്ടാലും യേശു അവനെ സ്നേഹിക്കുന്നു - നാമുംഅങ്ങനെ സ്നേഹിക്കണം!

## മാനസാന്തരത്തെ കുറിച്ചു ഒരു ചെറിയ പാഠം (ലൂക്കോസ് 19:8)

യേശു സക്കായിയുടെ വീട്ടിൽ പാർക്കുന്നതിന്റെ വിശദാംശങ്ങൾ ലൂക്കോസ് തരുന്നില്ല. യേശു അവിടെ എത്രനാൾ പാർത്തു, അവർ എന്തെല്ലാം സംസാരിച്ചു, യേശു എങ്ങനെ ഈ കുറിയ മനുഷ്യന്റെ ഹൃദയത്തെ സ്പർശിച്ചു എന്നെല്ലാം അറിയാൻ നിങ്ങൾക്കു താല്പര്യമുണ്ടല്ലേ? അതിന്റെ ഫലത്തെ കുറിച്ചു ലൂക്കോസ് 8-ാം വാക്യത്തിൽ പറയുന്നുണ്ട്: ''സക്കായിയോ *നിന്നു*'' (വാക്യം 8) സക്കായി ചെയ്തു കൊണ്ടിരുന്നതു അപ്പോൾ നിർത്തിയിട്ടു സംസാരിക്കുവാൻ തുടങ്ങി. "സക്കായി *നിന്നു കൊണ്ടു* പറഞ്ഞതു"[30] എന്നാണ് മൂലഭാഷയിൽപറഞ്ഞിരിക്കുന്നതു.അവർ ഭക്ഷിക്കുമ്പോൾ ചാഞ്ഞി രുന്നു. സക്കായിയുടെ പ്രസ്താവന ആഹാര മദ്ധ്യേയോ ആഹാരം കഴിഞ്ഞ ഉടനെയോ ആകാം. സക്കായി എഴുന്നേറ്റു എല്ലാവരുടേയും ശ്രദ്ധ ലഭിക്കുന്നതിനായി. കാരണം താൻ പറയാൻ പോകുന്നതു വളരെ ഗൗരവമായ കാര്യമാണ്.

സക്കായി യേശുവിനോടു പറഞ്ഞു, ''കർത്താവേ, എന്റെ വസ്തുവകയിൽ പകുതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നുണ്ട് ..." (വാക്യം 8). മൂലഭാഷയിൽ "കൊടുക്കുന്നുണ്ട്" എന്നതു വർത്തമാന കാലത്തിലാണ് പറഞ്ഞിരിക്കുന്നത്[31] - അക്ഷരികമായി ''ഞാൻ ദരിദ്രർക്കു *കൊടുക്കുന്നുണ്ട്*" എന്നാണ്. അക്കാലത്തു ഒരാൾ ദരിദ്രനെ നോക്കേണ്ട കാര്യമില്ല. രാത്രിയും പകലും യെഹൂദന്മാർക്കു ചുറ്റും അവരുണ്ട്. ഒരുപക്ഷേ സക്കായി ഈ സമയത്തു കയ്യിൽ കിട്ടാവുന്ന നാണയങ്ങൾ വാരിയെടുത്തു ദരിദ്രരുടെ അടുക്കൽ ഓടിച്ചെന്നു വിസ്മയിച്ചിരുന്ന ഒരു ഭിക്ഷക്കാരനു കൊടുത്തിരിക്കാം![32]

സക്കായിയുടെ വീടിനു പുറത്തു ആളുകൾ പിറുപിറുക്കുകയായിരുന്നുവെങ്കിൽ അകത്തു സംഭാഷണം നടക്കുകയായിരുന്നു.

സക്കായി തന്റെ പരസ്യപ്പെടുത്തൽ തുടർന്നു: "വല്ലതും ചതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ" (വാക്യം 8) മൂലഭാഷയിലിതു, നിബന്ധനയോടുള്ള പ്രസ്താവന യാണ്, അതിനാൽ അതു സത്യമാണെന്നു

ഊഹിക്കാം. ഈ ചതി അവൻ മന:പൂർവ്വം നടത്തിയതാണോ അശ്രദ്ധയാൽ സംഭവിച്ചതാണോ എന്നു നമുക്കറിഞ്ഞുകൂടാ. (സക്കായിയുടെ കൂടെ ജോലി ചെയ്യുന്ന മറ്റുള്ളവരും ഉണ്ട് എന്നോർക്കുക).

"ഞാൻ നാലു മടങ്ങുമടക്കി കൊടുക്കുന്നു" (വാക്യം 8) ന്യായ പ്രമാണം പറയുന്നതു, ഒരു കള്ളൻ തന്റെ കുറ്റം സമ്മതിച്ചാൽ അവൻ മോഷ്ടിച്ചതും അതിന്റെ അഞ്ചിലൊന്നും അധികം നല്കണം.[33] ഒരാൾ $100 മോഷ്ടിച്ചാൽ അയാൾ $120 മടക്കികൊടുക്കണം. ചില ഒഴിച്ചുകൂടാനാകാത്ത ഘട്ടത്തിൽ രണ്ടു മടങ്ങോ നാലു മടങ്ങോമടക്കികൊടുക്കാൻ *ആവശ്യപ്പെടാം.*[34] പക്ഷേ സക്കായി ചുരുക്കമായതിൽ താല്പരനായിരുന്നില്ല. ഫലത്തിൽ അവൻ പറഞ്ഞു "ഞാൻ $100 ഒരാളിൽ നിന്നു വാങ്ങിയിട്ടുണ്ടെങ്കിൽ ഞാൻ $400 മടക്കി കൊടുക്കുന്നു എന്നാണ്!"

ബൈബിളിലെ മാനസാന്തരത്തിന്റെ പ്രാധാന്യത്തെ മനോഹരമായി കാണിക്കുന്ന മനോഭാവമാണ് സക്കായിയുടേത്. "മാനസാന്തരം" എന്ന വാക്ക് സങ്കലിത ഗ്രീക്ക് വാക്കിൽ നിന്നു തർജ്ജിമ ചെയ്തിരിക്കുന്നതിന്റെഅർത്ഥം "മനസ്സിന്റെ അഥവാ മനോഭാവത്തിന്റെ മാറ്റം'' എന്നാണ്. ആ മനുഷ്യരെ സംബന്ധിച്ചു പറയുമ്പോൾ പാപത്തെകുറിച്ചുള്ള മനസ്സിന്റെ മനോഭാവത്തിന്റെ മാറ്റം ആണ്. അതു സൂചിപ്പിക്കുന്നതുപാപത്തിന്റെ ഭയങ്കരത്വം കണ്ടു ദൈവസഹായത്താൽ അതു പിഴുതെടുക്കുവാൻ തീരുമാനിക്കുന്നു. മാനസാന്തരത്തിന്റെ മുഖ്യകാര്യം, *കഴിഞ്ഞതിനെ കുറിച്ചു പ്രായശ്ചിത്തം ചെയ്യുവാൻ മാനുഷികമായി മനസു വെക്കണം.* ഞാൻ അതിനെ "മാനുഷികമായി സാദ്ധ്യമായതിൽ'' എന്നു പറയാൻ താല്പര്യപ്പെടുന്നു. കാരണം ചിലപ്പോൾ കഴിഞ്ഞതു മായ്ച്ചു കളയുവാൻ നമ്മെക്കൊണ്ടാവില്ല. യേശുവിനെ ക്രൂശിച്ച ആളുകളോടു മാനസാന്തരപ്പെടുവാൻ പത്രൊസ് പറയുന്നുണ്ട് (പ്രവൃത്തി 2:23, 38), അവർ ചെയ്ത ഭയങ്കരമായ തെറ്റ് ഇല്ലാതാക്കുവാൻ അവർക്കു സാദ്ധ്യമായിരുന്നില്ല. എന്നാൽ പല കാര്യത്തിലും, പ്രായശ്ചിത്തത്തിന്റെ കാര്യം സാദ്ധ്യമാണ്. അങ്ങനെ യോഹന്നാൻ സ്നാപകൻ തന്റെ കേൾവിക്കാരോടു പറഞ്ഞു, "... മാനസാന്തരത്തിനു യോഗ്യമായ *ഫലം* കായ്പിൻ" (ലൂക്കോസ് 3:8; എംഫസിസ് മൈൻ). പിതാവു മുന്തിരിതോട്ടത്തിൽ വേല ചെയ്യുവാൻ ആവശ്യപ്പെട്ട മകൻ ആദ്യം അവൻ നിരസിച്ചെങ്കിലും പിന്നീട് "അനുതപിച്ചുഅവൻപോയി" എന്നുകാണാം (മത്തായി 21:29; കെ.ജെ.വി) നിർഭാഗ്യവശാൽ മാനസാന്തരത്തിന്റെ കാര്യത്തിൽ പ്രായശ്ചിത്ത ത്തിന്റെ പ്രാധാന്യം ആളുകൾ തള്ളിക്കളയുകയാണ്.

പരിവർത്തനത്തിന് സ്നാനമല്ല പ്രയാസമേറിയഭാഗം മറിച്ച്, മാനസാന്തരമാണ്. മാനസാന്തരം ഹൃദയം നുറുങ്ങുന്ന ഒന്നാണ്. ഒരാൾ തന്റെ ജീവിതത്തിൽ വാസ്തവമായ മാറ്റത്തിലേക്ക് നീങ്ങുന്ന അർ

ത്ഥമാണ് മാനസാന്തരത്തിന്, നിങ്ങളുടെ മാറ്റം ജീവിതത്തിൽ *വ്യ ത്യാസം* ഉണ്ടാക്കിയില്ലെങ്കിൽ!നിങ്ങൾ ശരിയായി മാറിയോ എന്നു ചി ന്തിക്കാം.[35]

സക്കായിയുടെ പരിവർത്തനം ജീവിതത്തിൽ മാറ്റം വരുത്തി! നാം മാനസാന്തരത്തെ കുറിച്ചുള്ള ചെറിയ പാഠം പഠിക്കണം.

## രക്ഷയെ കുറിച്ചുള്ള ചെറിയ പാഠം
## (ലൂക്കോസ് 19:9, 10)

സക്കായിയുടെ വാക്കുകൾക്കു യേശുക്രിസ്തു പ്രതികരിച്ചതു: "ഇന്നു ഈ വീട്ടിനു രക്ഷ വന്നു" (വാക്യം 9). യേശു സക്കായിയുടെ വീട്ടിൽ വന്നതു കൊണ്ടു സക്കായിയുടെ വീട്ടിൽ രക്ഷ വന്നു – കൂടാതെ യേശുവിന്റെ സ്നേഹത്തോടും മനസ്സലിവോടും സക്കായി *പ്രതികരിച്ചു.*

യേശു കൂട്ടിച്ചേർത്തു, "ഇവനും അബ്രഹാമിന്റെ മകനാകയാൽ" (വാക്യം 9). സക്കായി അബ്രഹാമിന്റെ മകനാണെന്നു പരീശന്മാർ വിശ്വസിച്ചിരുന്നില്ല. എന്നാൽ യേശു വിശ്വസിച്ചിരുന്നു. യേശു അല്പം കൂടെ കടന്നു സംസാരിക്കുന്നുണ്ട് വാസ്തവത്തിൽ, അവൻ അബ്രഹാമിന്റെ മകൻ ആകുന്നതു, അബ്രഹാമിന്റെ *വിശ്വാസം* അവനിൽ വന്നപ്പോഴാണ്.[36] മറ്റൊരു വിധത്തിൽ പറഞ്ഞാൽ, പരീശന്മാർ തങ്ങളുടെ പാരമ്പര്യത്തിൽ ഊറ്റം കൊണ്ടിരുന്നവർ, യേശുവിൽ വിശ്വസിക്കായ്കയാൽ അവർ അബ്രഹാമിന്റെ മക്കൾ ആയിരുന്നില്ല.

അടുത്തതു, നമ്മെ ഇളക്കുന്ന വാക്കുകൾ: ''കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നതു" (വാക്യം 10) – ഈ വാക്യം പറയുന്നതു നാം പാപത്തിൽ *നഷ്ടപ്പെട്ടവരാണ്* എന്നത്രെ. "നഷ്ടം" എന്ന വാക്ക് നമ്മിൽ പലരും "രക്ഷപ്പെട്ടു" എന്നതിന്റെ വിപരീതമായ "നഷ്ടപ്പെട്ട" എന്ന വാക്കു പ്രസംഗങ്ങളിൽ കേട്ടിട്ടുണ്ട്. "നഷ്ടപ്പെട്ട" എന്നവാക്കിന്റെ അടിസ്ഥാന അർത്ഥം ''സ്ഥാനം തെറ്റിയതു കൊണ്ട് അയോഗ്യമായ എന്നു സൂചിപ്പിക്കുന്നു". ലൂക്കോസ് 15–ാം അദ്ധ്യായത്തിൽ കാണാതെ പോയ മകൻ, കാണാതെപോയ ആട്, കാണാതെപോയ ദ്രഹ്മ എന്നീ യേശുവിന്റെ ഉപമകളിൽ നിന്നും ഈ അർത്ഥം ചിത്രീകരിക്കാവുന്നതാണ്. മനുഷ്യൻ ദൈവത്തിൽ നിന്നു വേർപെട്ടതുകൊണ്ട്, അവൻ ആയിരിക്കുന്നതിന്റെ ഉദ്ദേശം നിറവേറ്റാൻ കഴിയാതെ വരുന്നു. നിങ്ങളും ഞാനും പാപത്തിൽ നഷ്ടപ്പെടുമ്പോൾ നമ്മുടെ ജീവിതത്തിന്റെ ഉദ്ദേശം നിറവേറ്റാൻ കഴിയാതെ വരുന്നു – ഉദ്ദേശം, ദൈവത്തെ മഹത്വപ്പെടുത്തുക എന്നതാണ് (മത്തായി 5:13–16)!

ഈ വാക്യത്തിന്റെ മനോഹരഭാഗം, യേശു കാണാതെ പോയവരെ *തിരഞ്ഞു* രക്ഷിപ്പാൻ വന്നു എന്നതാണ്. ''തിരയുക'' എന്നതിന്റെ അർത്ഥം *ജാഗ്രതയോടെ* കണ്ടു പിടിക്കാനാവശ്യമായ, ശ്രമം നടത്തുക

എന്നതാണ്. യേശു വന്നു നമ്മെ കണ്ടെത്തി ദൈവത്തിലേയ്ക്കു നമ്മെ തിരിച്ചു കൊണ്ടു വന്നു, നാം ആയിരിക്കേണ്ട സ്ഥാനത്തു ആകുവാനും നേടേണ്ടതു നേടുവാനും സാധിക്കുന്നു!

ഇതാണ് രക്ഷയെ കുറിച്ചുള്ള ചെറിയ പാഠം. യേശു വന്നതു നമ്മെ തിരഞ്ഞു *രക്ഷിപ്പാനത്രെ*. യേശു നിരപ്പില്ലാത്തവരെ താല്പര്യത്തോടെ ഉടനെ യെരീഹോവിൽ നിന്നു യെരുശലേമിലേയ്ക്കു നയിക്കുവാൻ പോകുന്നു. ഒരാഴ്ചയിലും അല്പം കഴിയുമ്പോൾ അവൻ തന്റെ ശത്രുക്കളെ അഭിമുഖീകരിക്കും; ക്രൂശിൽ മരിക്കയും ചെയ്യും. ഈ ലോകത്തിലേയ്ക്കു അവൻ വന്നതിന്റെ ഉദ്ദേശം അതായിരുന്നു (ഞാനും നിങ്ങളും യേശുവിന്റെക്ഷണം സ്വീകരിച്ചില്ലെങ്കിൽ നാം നമ്മുടെജീവിതത്തിൽ യേശുവിന്റെ ഉദ്ദേശത്തെ പരാജയപ്പെടുത്തുകയാണ്!)

എന്തൊരു ആവേശകരമായ ദിനമായിരുന്നു അന്നു സക്കായിയുടേത്. "കുറിയവനായ ചെറിയ പാപി" യേശുവിന്റെ "വലിയ" കുറിയവനായി, പിൻഗാമിയായി തീർന്നു![37]

**ഉപസംഹാരം**

സക്കായിയുടെ സ്ഥാനത്തു നമ്മെ നിർത്തുവാൻ പ്രയാസമില്ല. ഉദാഹരണത്തിന് "ആ ചെറിയ മനുഷ്യനെപോലെ നാമും ഒരു മരത്തിന്റെ മുകളിൽ ആണ്."[38] ആത്മീയമായും വൈകാരികമായും, നമ്മുടെ ജീവിതം കളങ്കപങ്കിലമായിരിക്കാം. നമ്മുടെ അവസ്ഥ എന്തായാലും നാം എവിടെയായാലും, യേശു നമ്മെ കാണുന്നു. അവൻ പറയും, "ഇന്നു ഞാൻ നിന്നോടു കൂടെ പാർക്കേണ്ടതാകുന്നു; നിങ്ങളുടെ ജീവിതത്തിന്റെ ഒരു ഭാഗമാകാൻ ഞാൻ ആഗ്രഹിക്കുന്നു." സക്കായിയെ പോലെ നമുക്കു യേശുവിന്റെ ക്ഷണത്തെ സ്വീകരിക്കാം – അല്ലെങ്കിൽ തള്ളിക്കളയാം.

അന്നു രാവിലെ സക്കായി എഴുന്നേറ്റപ്പോൾ, ഇത്രയും ആവേശകരമായ ഒരു ദിനം തനിക്കു ഉണ്ടാകുമെന്ന് അവൻ പ്രതീക്ഷിച്ചിരിക്കയില്ല. നിങ്ങൾ എങ്ങനെയാണ് ഇന്നത്തെ ദിവസം തുടങ്ങിയത് എന്ന് എനിക്കറിഞ്ഞുകൂടാ. ഒരുപക്ഷേ ക്ഷീണത്തോടും ഉറക്കച്ചടവോടും കൂടെ ആയിരിക്കാം. ഒരുപക്ഷേ ഈ ദിവസം കാര്യമായ പുരോഗമനം ഇല്ലാതെയുമായിരിക്കാം.[39] എന്നിരുന്നാലും, യേശു നിങ്ങളുടെ ഹൃദയവാതിലിൽ വന്നു പ്രവേശിപ്പാൻ ചോദിച്ചു, നില്ക്കുന്നതു നിങ്ങൾ കാണുന്നുവെങ്കിൽ ഈ ദിവസം നിങ്ങൾക്കു ആവേശകരമായിതീരും! "ഇന്നു ധനിങ്ങളുടെപ വീട്ടിനു രക്ഷവന്നിരിക്കു ന്നു!"

കുറിപ്പുകൾ

[1]പ്രസംഗത്തിൽ, “സക്കായിയെ കുറിച്ചു കേട്ടിട്ടുള്ള കുട്ടികൾ കൈപൊക്കണം” എന്നു കുട്ടികളോടു പറയാം. [2]ഈ പാട്ട് കുട്ടികളോടു ചേർന്നു പാടാം. [3]വ്യത്യസ്ത സ്ഥലങ്ങളിൽ ഏറ്റക്കുറച്ചിൽ ഉണ്ടാകാം. “ഞാൻ ഇന്നു നിന്റെ വീട്ടിൽ ഭക്ഷണത്തിനു വരും” മുതലായതു, ആസ്ട്രേലിയയിലാണെങ്കിൽ, “ഞാൻ ഇന്നു നിന്റെ വീട്ടിൽ ചായയ്ക്കു എത്തുന്നതാണ്” എന്നു പറയും. [4]അതിനർത്ഥം അതിന്റെ ആരംഭം മുൻകാലത്തു എഴുതപ്പെട്ട രേഖകൾ എന്നത്രേ. [5]യെരിഹോവിൽ ഈ എഴുനിരകളിലും വിജയകരമായി പണി തീർത്തിരിക്കുന്നു. [6] “പനകളുടെ പട്ടണം”എന്നാണ് അതിനെ വിളിച്ചിരുന്നത്. [7]പട്ടണത്തിന്റെ മനോഹാരിത പ്രതിഫലിപ്പിക്കുന്നതു മാർക്ക് ആന്റണി തന്റെ സ്നേഹിതന്റെ പ്രതീകമായി ക്ലിയോപാട്രക്കു നല്കിയതിലൂടെ തെളിവാകും. [8]ഇതു മൂലഭാഷയിലെ സന്ദർഭത്തിൽ അക്ഷരികമായി നല്കിയതാണ്. NIV ആ വൃക്ഷത്തെ “സിക്കമൊർ - ഫിഗ്ട്രീ” എന്നാണ് പറഞ്ഞത്. [9]“മൾ ബെറി - ഫിഗ്ട്രീസ്” എന്നതു പ്രത്യേക കുറിപ്പായി NASB യിൽ മുൻപ് ഉപയോഗിച്ചിട്ടുണ്ട്. [10]KJVയിൽ “പബ്ലിക്കൻ” എന്നു പറഞ്ഞിട്ടുള്ളതു പരസ്യസേവനം ചെയ്യുന്ന മനുഷ്യനെ ഉദ്ദേശിച്ചാണ്. ചില ഭാഗത്ത് - ബിയർ വില്ക്കുന്ന സ്ഥലത്തിരിക്കുന്ന ആളെ അങ്ങനെ വിളിക്കുന്നുണ്ട്.

[11]യോഹന്നാൻ സ്നാപകൻ ചുങ്കക്കാരോടു “കല്പിച്ചതിലധികം പിരിക്കരുത്” എന്നു കല്പിച്ചിരുന്നു (ലൂക്കോസ് 3:13). [12]തൽമൂദ് എന്നതു യെഹൂദന്മാരുടെ ന്യായപ്രമാണ കമന്ററി ആയിരുന്നു. [13]മത്തായി 11:19; ലൂക്കോസ് 7:34 ഉം നോക്കുക. [14]“മാഫിയ, ” “തലതൊട്ടപ്പൻ” എന്നതു സാധാരണ ഉപയോഗമായതുകൊണ്ട് അധികം ആളുകൾക്കും പരിചയമുണ്ട്. ഈ ആശയം വ്യക്തമാക്കുന്ന മറ്റു വാക്കുകളും ഉപയോഗിക്കാം. [15]സക്കായിയുടെ ധനസമ്പാദനം സത്യസന്ധമാകാമെന്ന സാദ്ധ്യത നിലനില്ക്കുന്നു. ഞാൻ വിശ്വസിക്കുന്നത്, വാക്കുകളുടെ സ്ഥാനവും സന്ദർഭവും എല്ലാം വെച്ചു നോക്കുമ്പോൾ യിസ്രായേലിന്റെ കാഴ്ചപ്പാടിൽ ചുങ്കം പിരിക്കുന്നവർ സക്കായിയെ പോലെ ആയിരിക്കുമെന്നാണ്. [16]പ്രായപൂർത്തി വന്നവർ തനിച്ചാകുമ്പോൾ ശൈശവപ്രായത്തിലെ ചില അനുഭവങ്ങൾ ഉള്ളവരായിരിക്കും അവർ. വ്യക്തിപരമായ അനുഭവം ഇതിനു പകരം ഉപയോഗിക്കാം. [17]അടുത്തകാലത്തു സംഭവിച്ച ജലപ്രളയം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, മറ്റു പ്രകൃതിക്ഷോഭ സംഭവങ്ങൾ ഇതിനു പകരമായി ഉപയോഗിക്കാം. 1952-ൽ ഞാൻ താമസിച്ചിരുന്ന അർക്കൻസാസ് 1952 ലെ ചുഴലിക്കാറ്റിൽ പാടെ നശിച്ചിരുന്നു. [18]എബ്രായർ 11:6 (KJV) ൽ “അന്വേഷിക്കുക” എന്നതിനുള്ള ഗ്രീക്കു വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നതു “ഉത്സാഹത്തോടെ അന്വേഷിക്കുക” എന്നാണ്. [19]സക്കായി ഒരുപക്ഷേ തന്റെ ജീവനും കൊണ്ടായിരിക്കണം യേശുവിനെ കാണുവാൻ പുരുഷാരത്തെ മറികടന്ന് ഓടിയത്. യേശുവിനെ കാണുവാനുള്ള അവന്റെ തീരുമാനം അത്ര ദൃഢമായിരുന്നു. [20]“സകിയാസ് വാസേ വീ ലിറ്റിൽ മാൻ” എന്ന രീതിയിൽ കുട്ടികൾക്കു വേറെ പാട്ടും പാടാം.

[21]പൊക്കം കുറഞ്ഞവർ നിന്നാൽ പോലും അവരോടു “എഴുന്നേറ്റു” - നില്ക്കാൻ എത്ര പ്രാവശ്യം ആളുകൾ പറഞ്ഞിരിക്കും. [22]പഴയ കാലത്തെ അറിയപ്പെട്ട അഭിനേതാക്കളും ഇപ്പോഴത്തെ അഭിനേതാക്കളെയും എടുത്തു കാണിക്കാം. [23]പ്രസിദ്ധനായ ഒരു അദ്ധ്യാപകനെ തുടർന്നു വന്ന മറ്റൊരദ്ധ്യാപകനെ പറ്റി പറയാം. [24]ഞാനും എന്റെ കൊച്ചുമകൻ ശേത്തും സന്ദർശിക്കാൻ പോകുമ്പോൾ മരം കാണുമ്പോൾ അവനു മരത്തിൽ കയറണം. [25]മനുഷ്യനിലുള്ളതു എന്തെന്നു അറിയുന്നതു പോലെ തന്നെ യേശു സക്കായിയുടെ പേരും അറിഞ്ഞിരുന്നു എന്നാണ് ഞാൻ കരുതുന്നത് (യോഹന്നാൻ 2:24, 25; ലൂക്കോസ് 6:8; 11:17). [26]എന്റെ പ്രസംഗത്തിൽ ഞാൻ പറയും“ആരാധനക്കു ശേഷം ഞാൻ നിങ്ങളുടെ അടുക്കൽ വന്നു, ഉച്ചഭക്ഷണത്തിനു ഞാൻ വീട്ടിലേക്കു വരികയാണ് കേട്ടോ എന്നു പറഞ്ഞാലോ? ...” [27]ലൂക്കോസിന്റെ സുവിശേഷത്തിലെ മുഖ്യവിഷയം സന്തോഷം എന്നതാണ്. ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റോരുവിധത്തിൽ “സന്തോഷം” എന്നതു ഇരുപതു പ്രാവശ്യത്തിലധികം ഉപയോഗിച്ചിട്ടുണ്ട്. [28]സക്കായിയുടെ വീട്ടിലേക്കു യേശു

വിന്റെ ശിഷ്യന്മാർ പോയോ ഇല്ലയോ എന്നു വേദഭാഗം പറയുന്നില്ല. അവർ പോയിരിക്കുമെന്നു ഞാൻ ഊഹിക്കുന്നു. [29]മത്തായി 9:11; 11:19; മർക്കൊസ് 2:16; ലൂക്കോസ് 5:30; 7:34. [30]ഇതു KJVയിലും NIVയിലും സൂചിപ്പിച്ചിരിക്കുന്നു.

[31]ഇതു KJV യിലും NIV യിലും സൂചിപ്പിച്ചിരിക്കുന്നു. [32]ജീസസ് എന്ന സിനിമയിൽ സക്കായി ചിരിച്ചുകൊണ്ട് തന്റെ വാതില്ക്കൽ വന്ന യാചകർക്കു നാണ്യങ്ങൾ വാരി കൊടുക്കുന്നുണ്ട്. അങ്ങനെ സംഭവിച്ചോ ഇല്ലയോ എന്നു നമുക്കറിഞ്ഞുകൂടാ. പക്ഷേ സക്കായിയുടെ സ്വഭാവത്തിൽ തീർച്ചയായും മാറ്റം വന്നിരിക്കും. [33]സംഖ്യാപുസ്തകം 5:7; ലേവ്യാപുസ്തകം6:5. [34]പുറപ്പാട് 22:1, 4, 7. [35]നാം പരിവർത്തനശേഷം സക്കായിയെ പോലെ ഔദാര്യമായി കൊടുക്കുന്നില്ലെങ്കിൽ നമ്മുടെ പരിവർത്തനത്തെ ചോദ്യം ചെയ്യേണ്ടതുണ്ട്! [36]ഗലാത്യർ 3:29; റോമർ 4:12; ഗലാത്യർ 3:7 എന്നീ വാക്യങ്ങൾ വായിക്കുക. [37]പാരമ്പര്യം പറയുന്നതു സക്കായി അതു തുടർന്നു വന്നു എന്നാണ്. ക്ലെമെന്റ് ഓഫ് അലെക്സാണ്ട്രിയ എഴുതിയതു, സക്കായി കൈസര്യയിലെ ഒരു ബിഷപ്പായി (മൂപ്പൻ) തീർന്നു എന്നാണ്. [38]ഈ പ്രയോഗത്തിന്റെ അർത്ഥം "എങ്ങനെ മുൻപോട്ടു പോകണം എന്നറിയാതിരിക്കൽ." [39]ഒരു പ്രസംഗത്തിൽ ഞാൻ സൂചിപ്പിച്ചു, "ഇന്നിവിടെ വരേണമോ വേണ്ടയോ എന്ന പോരാട്ടം നിങ്ങൾക്കുണ്ടായി കാണാം."

---

**കാണാതെപോയതിനെ കണ്ടെത്തുക**

യേശുവിന്റെ "അന്വേഷണപട്ടിക" അത്ഭുതാവഹമാണ്. അവൻ മത്തായി എന്ന ചുങ്ക ക്കാരനെ പന്ത്രണ്ടു പേരിൽ ഒരാളായി തിരഞ്ഞെടുത്തു, അവൻ കിണറ്റരികിൽ അഞ്ചു ഭർത്താക്ക ന്മാരുള്ള സ്ത്രീയെ പഠിപ്പിച്ചു, കൂടാതെ സക്കായിയുടെ ഭവനത്തിൽ വിരുന്നുണ്ടു. സുവിശേഷ പ്രസംഗങ്ങൾക്ക് ചിന്തിക്കുന്ന നമുക്ക് എത്ര വ്യത്യസ്തമായ നല്ല ദർശനങ്ങളുടെ പട്ടികയാണുള്ളത്! യേശു വാസ്തവത്തിൽ കാണാതെപോയതിനെ അന്വേഷിച്ചു എന്ന് നാം പഠിച്ചുവോ?

യേശുവിന് തന്റെ ജിവിതോദ്ദേശം അറിയാമായിരുന്നു. "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്" (ലൂക്കോസ് 19:10). നമ്മുടെ ദൗത്യം എന്തെന്ന് യേശുവിലൂടെ തെളിയിച്ചുതരുന്നു!